(3) *വോളിബോൾ അക്കാദമി, വാഴത്തോപ്പ്, ഇടുക്കി:* 2004-2005-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇടുക്കിയിൽ വോളിബോൾ അക്കാദമി സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. അക്കാദമിയുടെ ഓഫീസ് ഉദ്ഘാടനം ചെയ്തു പ്രവർത്തനം തുടങ്ങി. അക്കാദമിക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ ഇടുക്കി വികസന അതോറിറ്റി സന്നദ്ധമായിട്ടുണ്ട്.

(4) *സൈക്കിൾ വെലോഡ്രോം, ഇടുക്കി:* 2003-2004-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇടുക്കിയിൽ ഒരു സൈക്കിൾ വെലോഡ്രോം സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി)

(1) വോളിബോൾ അക്കാദമിയുടെ പ്രവർത്തനം താൽക്കാലിക കെട്ടിടത്തിൽ ആരംഭിച്ചു.

(2) ഇടുക്കിയിലെ മുന്നാറിൽ ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(3) Playing facilities-നുവേണ്ടി നെടുങ്കണ്ടം എം. ഇ. എസ്. കോളേജിന് 40,000 രൂപ നൽകിയിട്ടുണ്ട്.

തുടങ്ങാൻ ഉദ്ദേശിക്കുന്നവ:

(4) സ്പോർട്സ് കോംപ്ലക്സ്, ഇടുക്കി

(5) നീന്തൽക്കുളം, ഇടവെട്ടിച്ചിറ

(6) സൈക്കിൾ വെലോഡ്രോം

(7) ഇടുക്കിയിൽ ഒരു സ്പെഷ്യൽ ഏരിയ ഗെയിംസ് സെന്റർ സ്ഥാപിക്കാൻ സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സംസ്ഥാന വനിതാ ഫുട്ബോൾ ടീം

161 [1100] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്പോർട്സ് കൗൺസിലിന്റെ കീഴിൽ സംസ്ഥാന വനിതാ ഫുട്ബോൾ ടീം നിലവിലുണ്ടോ; എങ്കിൽ ടീമിലെ ഓരോ അംഗവും ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) പുരുഷ ഫുട്ബോൾ ടീമംഗങ്ങൾക്ക് നൽകുന്ന പരിഗണനകൾ എന്തൊക്കെയെന്നും അത്തരം പരിഗണനകൾ വനിതാ ഫുട്ബോൾ ടീമംഗങ്ങൾക്ക് നൽകുന്നുണ്ടോയെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വനിതാ ഫുട്ബോൾ ടീമംഗങ്ങൾക്ക് സ്പോർട്സ് കൗട്ടയിൽ സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി നൽകുന്നുണ്ടോ;

(ഡി) സർക്കാർ ജോലി നൽകുന്ന കാര്യത്തിൽ വനിതാ ഫുട്ബോൾ ടീമിനെ അവഗണിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്പോർട്സ് കൗൺസിലിന്റെ കീഴിൽ സംസ്ഥാന വനിതാ ഫുട്ബോൾ ടീം നിലവിലില്ല.

(ബി) പുരുഷ ഫുട്ബോൾ ടീമംഗങ്ങൾക്ക് ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കോച്ചിംഗ് ക്യാമ്പിനായി പ്രതിദിനം 60 രൂപ ഡി. എ. യും മത്സരത്തിന് പോകുന്നതിനുള്ള ടി. എ., ഡി. എ., യൂണിഫോം അലവൻസ്, ട്രാക്ക് സ്യൂട്ട് എന്നിവയും നൽകിവരുന്നു. കൂടാതെ ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് ക്യാഷ് അവാർഡും നൽകിവരുന്നു. ഈ ആനുകൂല്യങ്ങളെല്ലാം വനിതാ ഫുട്ബോൾ ടീമംഗങ്ങൾക്കും നൽകിവരുന്നു.

(സി) ഉണ്ട്.

(ഡി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കണ്ണൂരിൽ വിമാനത്താവളം

162 [1101] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ വിമാനത്താവളത്തിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും;

(ബി) ഇതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കണ്ണൂർ വിമാനത്താവള പദ്ധതിയുടെ പ്രാരംഭ നടപടികൾ കൈക്കൊണ്ടുവരികയാണ്.

(ബി) സ്വകാര്യപങ്കാളിത്തത്തോടെ കണ്ണൂരിൽ ഒരു വിമാനത്താവളം നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുവാൻ തീരുമാനിച്ചതിനെത്തുടർന്ന് കണ്ണൂരിൽ വിമാനത്താവളം സ്ഥാപിക്കുവാനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരുമായി ബന്ധപ്പെടുകയും, കേന്ദ്ര വ്യോമയാനമന്ത്രിയോട് ടി അനുമതി താമസംവിനാ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. വിമാനത്താവളപദ്ധതി ദ്രുതഗതിയിൽ നടത്തുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കുള്ള സാങ്കേതിക സാമ്പത്തിക സാദ്ധ്യതാപഠനം പൂർത്തിയാക്കി സമർപ്പിക്കുന്നതിന് കിൻഫ്രയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly